# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2373

17.08.2017-ൽ മറുപടിയ്ക്ക്

**ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റേയും പ്രവർത്തനങ്ങൾ**

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

i. കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള തിയേറ്ററുകൾ ആരംഭിക്കുന്നതിനും, ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് രൂപീകരിക്കുന്നതിനും, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

ii. നോർത്ത് പറവൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കി മാറ്റുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ അനുവദിച്ച നാലുകോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നത്.

iii. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിലവിലുള്ള പ്രിവ്യൂ തിയേറ്ററിനെ 16 ലക്ഷം രൂപ ചെലവഴിച്ച് ഒരു 7.1 സൗണ്ട് മിക്സിംഗ് തിയേറ്റർ ആക്കി മാറ്റി.

iv. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 10 ലക്ഷം രൂപ ചെലവാക്കി ഒരു പ്രീമിക്സിംഗ്-ട്രാക്ക് ലെയിംഗ് സ്യൂട്ട് സ്ഥാപിച്ചു.

v. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 27.64 ലക്ഷം രൂപ ചെലവഴിച്ച് ഡി.ഐ.അസിസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്.

vi. കോർപ്പറേഷന്റെ പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ആധുനികരീതിയിൽ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കുന്ന പദ്ധതി ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചലച്ചിത്ര അക്കാദമിക്ക് വേണ്ടി തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ കിഫ്ബിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ അന്തർദ്ദേശീയ ചലച്ചിത്രമേളയുടെ സ്ഥിരം വേദി (തീയേറ്റർ കോംപ്ലക്സ്) പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. കഴക്കൂട്ടം കിൻഫ്രാ ഫിലിം & വീഡിയോ പാർക്കിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ലൈബ്രറിയും മലയാള സിനിമ ചരിത്രത്തിലെ നാഴികക്കല്ലുകളായി മാറിയിട്ടുള്ള സിനിമകളുടെ വിപുലമായ ശേഖരവും ഉൾപ്പെടുത്തി ഒരു കോടി എൺപത് ലക്ഷം രൂപ മുതൽ മുടക്കിൽ അന്താരാഷ്ട്ര ഫിലിം സ്റ്റഡി, റിസർച്ച് സെന്റർ & ഡിജിറ്റൽ ആർക്കൈവ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിനിമാ ലോകത്തെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും മുതൽക്കൂട്ടാകത്തക്ക രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

3. പുതുതലമുറയിൽ നല്ല സിനിമയുടെ സംസ്കാരം വളർത്തിയെടുക്കുന്നതിൽ പ്രസിദ്ധീകരണങ്ങൾക്കുള്ള പങ്ക് മനസ്സിലാക്കി അക്കാദമി 'ചലച്ചിത്ര സമീക്ഷ'എന്ന മുഖമാസിക 2017 ആഗസ്റ്റ് 31-ന് പ്രകാശനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

4. കലാമൂല്യമുള്ള ലോകനിലവാരത്തിലുള്ള മികച്ച ചിത്രങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ടൂറിംഗ് ടാക്കീസ് എന്ന വിപുലമായ പദ്ധതി അക്കാദമി നടപ്പിലാക്കിയിട്ടുണ്ട്. സിനിമയും തീയേറ്ററും ഇന്നും അന്യമായി നിൽക്കുന്ന ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഒരു വലിയ വിഭാഗം സാധാരണക്കാരിലേക്ക് സിനിമയും അതിലൂടെ നല്ല സംസ്കാരവും എത്തിക്കുക എന്ന വിപുലവും വ്യത്യസ്തവുമായ ഒരു ബൃഹത് പദ്ധതിക്കാണ് ഇതിലൂടെ അക്കാദമി തുടക്കമിട്ടിരിക്കുന്നത്. കൂടാതെ സ്കൂളുകൾ, കോളേജുകൾ, സൊസൈറ്റികൾ, വിവിധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ലോകനിലവാരത്തിലുള്ള ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം സംവാദം, ചർച്ച, ചലച്ചിത്ര രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സിനിമയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കുക, കുട്ടികൾക്കും അധ്യാപകർക്കും ചലച്ചിത്ര പഠന ക്യാമ്പുകൾ ഉൾപ്പെടെയുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ